പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u> <u>20.03.2012-ൽ</u>
<u>ചോദ്യം നമ്പർ - 1256</u> <u>മറുപടിക്ക്</u>

<u>നബാർഡ് ഫണ്ടിന്റെ വിനിയോഗം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പ് മന്ത്രി) |
| (എ) കൈനകരി പഞ്ചായത്തിലെ മുട്ടേൽ കപ്പപ്പുറം പി.എച്ച്. സി.യിലേക്ക് നബാർഡ് ഫണ്ട് വിനിയോഗിച്ച് റോഡ് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | കൈനകരി പഞ്ചായത്തിലെ നെടുമുടി കപ്പപ്പുറം റോഡിന് നബാർഡ് RIDF - XVI സ്കീമിൽ ഉൾപ്പെടുത്തി 835 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി 17.2.2011 -ൽ ടെൻഡർ വിളിക്കുകയും ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ടെൻഡർ ഗവൺമെൻറ് അംഗീകാരത്തിനായി 15.11.2011-ൽ ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും ചെയ്തു. എന്നാൽ 16.6.2011-ൽ Firm Period അവസാനിച്ചതിനാൽ പ്രസ്തുത പ്രവൃത്തിയിൽനിന്നും കോൺട്രാക്ടർമാർ പിൻവാങ്ങി. |
| (ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 30% അധികരിച്ച ടെണ്ടറിന് അനുമതി ലഭ്യമാക്കുമോ ;<br>(സി) ഇല്ലെങ്കിൽ അടിയന്തിരമായി റീ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി & സി) | 22.2.2012-ലെ സ.ഉ (സാധാ) നം.267/12/ പൊ.മ.വ പ്രകാരം കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ടെൻഡറിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പുതുക്കിയ SOR 2010 നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചു വരുന്നു. |
| (ഡി) 31.03.2013 വരെ മാത്രം നബാർഡിന്റെ അംഗീകാരമുള്ള പ്രവൃത്തി സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.